ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.05.2025**

## പ്രധാനവാർത്തകൾ

1) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഫെഡറൽ സംവിധാനത്തിന്റെ പരസ്പര സഹകരണത്തിന് തെളിവാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2) സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. നദികളിൽ ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾക്ക് ജാഗ്രത നിർദേശം.

3) മഴ കനത്തതോടെ ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ സജീവം; നിരവധി ട്രെയിനുകൾ വൈകി ഓടുന്നു.

4) വൈദ്യുതി തടസ്സങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ കെ എസ് ഇ ബിയ്ക്ക് നിർദ്ദേശം നൽകിയതായി മന്ത്രി കെ കൃഷ്ണൻകുട്ടി.

5) കൊച്ചി തീരത്ത് ചരക്ക് കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിൽ വീണ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്ന നടപടി വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു.

******************

PNU TVPM

## രാഷ്ട്രപതി ദ്രൗപദി മുർമു

രാജ്യത്തെ പരമോന്നത ബഹുമതികളായ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. രാഷ്ട്രപതി ഭവനിൽ ചടങ്ങ് പുരോഗമിക്കുകയാണ്. പത്മ വിഭൂഷൺ, പത്മ ഭൂഷൺ, പത്മശ്രീ എന്നീ വിഭാഗങ്ങളിലെ 68 പുരസ്കാരങ്ങളാണ് രാഷ്ട്രപതി സമ്മാനിക്കുന്നത്.

******************

## ആലുവ ഹൈടെക് മാർക്കറ്റ്

കേന്ദ്ര - സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഫെഡറൽ സംവിധാനത്തിന്റെ പരസ്പര സഹകരണത്തിന് തെളിവാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 50 കോടി രൂപ ചെലവിൽ നിർമിക്കുന്ന ആലുവ ഹൈ ടെക് മാർക്കറ്റ് സമുച്ചയത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആലുവ - മൂന്നാർ റോഡ് വികസനം, ഹൈ ടെക് മാർക്കറ്റ് സമുച്ചയം തുടങ്ങിയവ യാഥാർഥ്യമാകുന്നതോടെ ആലുവയുടെ വാണിജ്യരംഗത്ത് ഒരു പുത്തൻ അധ്യായം കൂടി തുറക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

( വോയിസ്....)

നാല് നിലകളിലായി നിർമിക്കുന്ന മാർക്കറ്റിൽ 88 കടകൾ ഉണ്ടാകും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ സജി ചെറിയാൻ, പി രാജീവ് തുടങ്ങിയവർ പങ്കെടുത്തു. ടൂറിസം, ഫിഷെറീസ് രംഗങ്ങളിലെ വളർച്ച കൊണ്ട് മാത്രം കേരളത്തിന്റെ വികസനം സാധ്യമാകുന്ന സാഹചര്യമാണുള്ളതെന്ന് ശ്രീ ജോർജ് കുര്യൻ പറഞ്ഞു.

******************

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ

ജാഗ്രതയും മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതിനാൽ ഈ മാസം 31 വരെ അതിശക്തമായ മഴയ്ക്കു സാധ്യതയുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ പ്രളയ സാധ്യതയ്ക്കുള്ള മുന്നറിയിപ്പും നൽകി. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 30 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

******************

## മഴ-നാശനഷ്ടം

ശക്തമായ മഴയിൽ കേരളത്തിൽ വ്യാപക നാശനഷ്ടം. പലയിടങ്ങളിലും റോഡിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. നദികളിൽ ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. ട്രെയിൻ ഗതാഗതവും ഭാഗികമായി തടസ്സപ്പെട്ടു. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് റവന്യു മന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പറായ 0471 - 25 18 655 ൽ ബന്ധപ്പെടാവുന്നതാണ്.

RNU TVPM

******************

## മൂഴിയാർ ഡാം

പത്തനംതിട്ട കക്കാട് ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ മൂഴിയാർ ഡാമിൻ്റെ ഷട്ടറുകൾ തുറന്നു. കക്കാട്ടാറിൻ്റെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം. ഒരു സാഹചര്യത്തിലും നദിയിൽ ഇറങ്ങരുതെന്ന് ജില്ലാ കളക്ടർ മുന്നറിയിപ്പ് നൽകി.

******************

## കണ്ണൂർ- മഴ(ഇൻട്രോ)

കണ്ണൂർ ജില്ലയിൽ ഒരാഴ്ചയായി തുടരുന്ന കനത്ത മഴയിലും കാറ്റിലും കാർഷിക മേഖലയിൽ വ്യാപക നാശനഷ്ടം. കെഎസ്ഇബി ക്കും വലിയ നഷ്ടമുണ്ടായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....

(വോയ്സ്)

******************

## <u>കെഎസ്ഇബി - മന്ത്രി കൃഷ്ണൻകുട്ടി</u>

ശക്തമായ കാറ്റിലും മഴയിലും ഉണ്ടായ വൈദ്യുതി തടസ്സങ്ങളും നാശനഷ്ടങ്ങളും മന്ത്രി കെ കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം വിലയിരുത്തി. കണക്കുകൾ പ്രകാരം വൈദ്യുതി വിതരണമേഖലയിൽ ഏകദേശം 56 കോടി 77 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത്.

വൈദ്യുതി തടസ്സങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ കെ എസ് ഇ ബിയിലെ വിതരണ വിഭാഗം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു. അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ KSEB സെക്ഷൻ ഓഫീസിലോ, പ്രത്യേക എമർജൻസി നമ്പറായ 94 96 01 01 01 ലോ അറിയിക്കേണ്ടതാണ്. വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ ടോൾ ഫ്രീ നമ്പറായ 1912 ലോ 9496 00 1912 ലോ അറിയിക്കാവുന്നതാണ്.

RNU TVPM

******************

## <u>മലപ്പുറം-മഴ</u>

കനത്ത മഴയിൽ മലപ്പുറം ജില്ലയിലെ വിവിധ താലൂക്കുകളിലായി 71 വീടുകൾ ഭാഗികമായും കൊണ്ടോട്ടി താലൂക്കിൽ ഒരു വീട് പൂർണമായും തകർന്നു. തിരൂരങ്ങാടി താലൂക്കിൽ പൊട്ടി വീണ ഇലക്ട്രിക്ക് കമ്പിയിൽ നിന്ന് ഷോക്കേറ്റ് വിദ്യാർത്ഥി മരിച്ചു. ജില്ലയിൽ വ്യാപകമായ കൃഷി നാശവും സംഭവിച്ചിട്ടുണ്ട്.

******************

## <u>വയനാട് റെഡ് അലർട്ട് (ഇൻട്രോ)</u>

വയനാട് ജില്ലയിൽ നാളെ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മഴക്കെടുതിയെ തുടർന്ന് ജില്ലയിൽ 15 ദുരിതാശ്വാസ ക്യാമ്പുകളാണ് തുറന്നത്.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.
(വോയ്സ്)
******************

## ട്രെയിൻ സമയം

കനത്ത മഴയെ തുടർന്ന് നിരവധി ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. ആലപ്പുഴ വഴി പോകുന്ന തിരുവനന്തപുരം മംഗളുരു വന്ദേ ഭാരത് എക്സ്പ്രസ്സ്, എംജിആർ ചെന്നൈ സെൻട്രൽ - ആലപ്പുഴ എക്സ്പ്രസ് തുടങ്ങിയവയുടെ സമയം പുനഃക്രമീകരിച്ചിട്ടുണ്ട്. യാത്രക്കാർ ട്രെയിനുകളുടെ പുതുക്കിയ സമയം പരിശോധിക്കണമെന്ന് റെയിൽവേ അറിയിച്ചു.
******************

## ചരക്ക് കപ്പൽ

കൊച്ചി തീരത്ത് ചരക്ക് കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിൽ വീണ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, എറണാകുളം തുടങ്ങി വിവിധ ജില്ലകളിലെ തീരങ്ങളിലാണ് കണ്ടെയ്നറുകൾ അടിഞ്ഞത്. കൊല്ലത്ത് 34 കണ്ടെയ്നറുകളാണ് എത്തിയത്. ഇവ സുരക്ഷിതമായി കൊല്ലം പോർട്ടിലേക്ക് മാറ്റാനുള്ള നടപടി തുടരുകയാണ്.

RNU TVPM
******************

## കൺട്രോൾ റൂം തുറന്നു

തിരുവനന്തപുരം ജില്ലയിൽ അടിയന്തര പ്രവർത്തനങ്ങൾക്കായി ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം തുറന്നു. മഴ ശക്തമാകുന്നതും കണ്ടെയ്നറുകൾ കരയ്ക്ക് അടിയുന്നതും കണക്കിലെടുത്താണ് നടപടി. ബന്ധപ്പെടേണ്ട നമ്പർ : 90 72 05 59 00 , 94 47 22 04 62.
******************

## തൃശ്ശൂർ-മഴ

തൃശ്ശൂർ ജില്ലയിൽ കാറ്റിലും മഴയിലും നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. ജലനിരപ്പ് ഉയർന്നാൽ കൃത്യമായ നിർദ്ദേശങ്ങൾ ഇല്ലാതെ ഡാമുകൾ തുറന്നു വിടുന്ന സാഹചര്യം

ഉണ്ടാകരുതെന്ന് കളക്ടർ നിർദേശിച്ചിട്ടുണ്ട്. ജില്ലയിലെ തീരദേശ മേഖലയിലും ശക്തമായ കടൽക്ഷോഭമാണ് അനുഭവപ്പെടുന്നത്.

*****************

<u>ഉപതെരഞ്ഞെടുപ്പ്</u>

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള സ്ഥാനാർഥി നിർണ്ണയ ചർച്ചകൾ ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. ആര്യാടൻ ഷൗക്കത്താണ് UDF സ്ഥാനാർത്ഥി. ഉപതിരഞ്ഞെടുപ്പിൽ മഹാഭൂരിപക്ഷത്തോടെ വിജയിക്കുമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ വൈകുന്നേരം ചേർന്ന യു.ഡി.എഫ് നേതൃയോഗത്തിനു ശേഷം പറഞ്ഞു. അടുത്ത മാസം 19 നാണ് ഉപതിരഞ്ഞെടുപ്പ്.

*****************

<u>കോവിഡ്-പത്തനംതിട്ട (ഇൻട്രോ)</u>

പത്തനംതിട്ട ജില്ലയിൽ ഈമാസം ഇതുവരെ 146 കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തതായി ആരോഗ്യ വകുപ്പ്. മഴക്കാല രോഗത്തിനൊപ്പം കോവിഡ് കേസുകളും കൂടുന്നതിനാൽ പ്രത്യേക ജാഗ്രത വേണമെന്ന് ആരോഗ്യ വകുപ്പ് മുന്നിയിപ്പ് നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

(വോയ്സ്)

RNU TVPM

*****************

<u>ഐപിഎൽ</u>

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജെയ്ന്റ്സ് , റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ലക്നൗവിലാണ് മത്സരം.

*****************

************

*****